2024
JANUARY
25
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇടക്കാല ബജറ്റിനൊരുങ്ങി കേന്ദ്രസർക്കാർ

**ന്യൂഡൽഹി:** ഇടക്കാല ബജറ്റ് അവതരിപ്പിക്കാൻ ഒരുങ്ങി കേന്ദ്ര സർക്കാർ. ബജറ്റിൻറെ അവസാന ഘട്ട തയാറെടുപ്പിൻറെ ഭാഗമായി ബുധനാഴ്ച കേന്ദ്ര സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ ഹൽവ തയാറാക്കിക്കൊണ്ടുള്ള ആഘോഷം സംഘടിപ്പിച്ചു. കേന്ദ്രധന മന്ത്രി നിർമല സീതാരാമൻ ധനമന്ത്രി ഹൽവ ജീവനക്കാർക്ക് വിതരണം ചെയ്തു. സമ്പൂർണ ബജറ്റ് അവതരണമല്ലെങ്കിലും സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന പ്രഖ്യാപനങ്ങൾ ഉണ്ടായേക്കാം എന്നാണ് പ്രതീക്ഷ. ധനകാര്യ സെക്രട്ടറി ഡോ. ടി.വി. സോമനാഥൻ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും പരിപാടിയിൽ പങ്കെടുത്തു.

എല്ലാ വർഷവും ബജറ്റ് തയാറെടുപ്പിൻറെ അവസാന ഘട്ടമെന്ന നിലയിൽ ഹൽവ ആഘോഷം സംഘടിപ്പിക്കാറുണ്ട്. ഇത്തവണയും പേപ്പർലെസ് ആയായിരിക്കും ബജറ്റ് അവതരിപ്പിക്കു. ഫെബ്രുവരി 1നാണ് ബജറ്റ് അവതരിപ്പിക്കുന്നത്.

പാർലമെൻറിൽ ബജറ്റ് അവതരിപ്പിച്ചതിന് ശേഷം ബജറ്റ് രേഖകൾ യൂണിയൻ ബജറ്റ് മൊബൈൽ ആപ്പിൽ ലഭ്യമാകും. ഇംഗ്ലീഷിലും ഹിന്ദിയിലും രേഖകൾ ലഭിക്കും.

# റഷ്യൻ സൈനിക വിമാനം തകർന്നുവീണ് 74 മരണം

**മോസ്കോ:** റഷ്യൻ സൈനിക വിമാനം തകർന്നുണ്ടായ അപകടത്തിൽ എല്ലാവരും കൊല്ലപ്പെട്ടതായി റഷ്യൻ പ്രതിരോധ മന്ത്രാലയം. യുക്രെയ്ൻ സൈന്യം വെടിവച്ചുവീഴ്ത്തിയതാണ് വിമാനം തകരാൻ കാരണമെന്നും റഷ്യ ആരോപിച്ചു. ആകെ 74 പേരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 65 പേർ യുക്രെയ്നിൽനിന്നുള്ള യുദ്ധത്തടവുകാരാണ്. ഇവരെ കൈമാറാൻ കൊണ്ടുപോയപ്പോഴായിരുന്നു സംഭവം.



അതേസമയം, റഷ്യയുടെ ആരോപണത്തെ തള്ളാനോ പ്രതിരോധിക്കാനോ ഈ ഘട്ടത്തിൽ യുക്രെയ്ൻ തയാറായിട്ടില്ല. റഷ്യ യുക്രെയ്ൻ യുദ്ധം 700 ദിവസത്തിലെത്തി നിൽക്കുമ്പോൾ ഇരുകൂട്ടരും കൂടുതൽ വിവരങ്ങൾ പുറത്തുവിടാതിരിക്കാനാണ് ശ്രമിക്കുന്നത്. യുക്രെയ്ൻ അതിർത്തിയോടു ചേർന്നുള്ള സതേൺ ബെൽഗോറോദ് പ്രവിശ്യയിലാണ് അപകടമുണ്ടായത്. വിമാന ജീവനക്കാരും യാത്രക്കാരും ഉൾപ്പെടെ വിമാനത്തിലുണ്ടായിരുന്ന 74 പേരും കൊല്ലപ്പെട്ടു.

65 യുദ്ധത്തടവുകാർക്കൊപ്പം വിമാനത്തിൽ ആറ് ജീവനക്കാരും മറ്റ മൂന്ന് യാത്രക്കാരും ഉണ്ടായിരുന്നു. അപകടസ്ഥലത്തിന് സമീപത്തായുള്ള യുക്രെയ്ന്റെ ഖാർകിവ് മേഖലയിൽനിന്ന് രണ്ട് മിസൈലുകൾ വിക്ഷേപിച്ചതായി റഡാറിൽ കണ്ടുവെന്ന് റഷ്യൻ സൈന്യം അറിയിച്ചു. പ്രാദേശിക സമയം പകൽ 11.15നാണ് വിമാനം തകർന്നുവീണത്.

റഷ്യൻ ഇല്യൂഷിൻ 76 സൈനിക വിമാനമാണ് തകർന്നുവീണത്. സൈനികർ, കാർഗോ, ആയുധങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനായി രൂപകൽപന ചെയ്തവയാണ് ഈ വിമാനങ്ങൾ. അഞ്ചു ജീവനക്കാരുള്ള ഇത്തരം വിമാനങ്ങളിൽ പരമാവധി 90 പേരെ വരെ കൊണ്ടുപോകാനാകുമെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

## സുരക്ഷാ ലംഘനം: എയർ ഇന്ത്യയ്ക്ക് 1.10 കോടി രൂപ പിഴയിട്ട് ഡിജിസിഎ

**മുംബൈ:** വിമാനങ്ങളിലെ സുരക്ഷാ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി എയർ ഇന്ത്യയ്ക്ക് 1.10 കോടി രൂപ പിഴയിട്ട് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ). എയർ ഇന്ത്യ നടത്തിയ സുരക്ഷാ ലംഘനങ്ങളെക്കുറിച്ച് ഒരു ജീവനക്കാരൻ തന്നെ സ്വമേധയാ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് ഡിജിസിഎ അറിയിച്ചു. സുപ്രധാനമായ ചില ദീർഘദൂര റൂട്ടുകളിലെ വിമാനങ്ങളിലെ സുരക്ഷാലംഘനമാണ് ജീവനക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഡിജിസിഎ അന്വേഷണം നടത്തി എയർ ഇന്ത്യയ്ക്ക് കാരണം കാണിക്കൽ നോട്ടിസ് നൽകിയിരുന്നു.

# സ്വകാര്യ ബാങ്കുകൾക്ക് റെക്കോഡ് ലാഭം

**കൊച്ചി:** ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസത്തിൽ രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കുകളുടെ ലാഭത്തിൽ റെക്കോഡ് വളർച്ച. പലിശ, പലിശ ഇതര വരുമാനത്തിലെ കുറിപ്പാണ് ബാങ്കുകളുടെ ലാഭത്തിൽ വൻ വർധന സൃഷ്ടിച്ചത്. ഇതോടൊപ്പം നാണയപ്പെരുപ്പം നിയന്ത്രിക്കാൻ റിസർവ് ബാങ്ക് പലിശ നിരക്ക് കുത്തനെ വർധിപ്പിച്ചതും ബാങ്കുകളുടെ മാർജിൻ കൂടാൻ സഹായിച്ചു. റിസർവ് ബാങ്ക് റിപ്പോയിൽ കഴിഞ്ഞ ഒന്നര വർഷത്തിനിടെ 2.5% വർധനയാണ് നടപ്പാക്കിയത്. ഇതോടെ വായ്പകളുടെ പലിശ അഞ്ച് ശതമാനം വർധിപ്പിച്ചെങ്കിലും നിക്ഷേപങ്ങളുടെ പലിശ ആനുപാതികമായി കൂട്ടിയിരുന്നില്ല. ഇതിനാലാണ് ബാങ്കുകളുടെ ലാഭക്ഷമത കൂടിയത്.




എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഐഡിബിഐ, ഐഡിഎഫ്സി ബാങ്ക് തുടങ്ങിയവയെല്ലാം മികച്ച ലാഭമാണ് ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസത്തിൽ നേടിയത്. സ്വകാര്യ ബാങ്കായ ഐസിഐസിഐ ബാങ്കിൻറെ അറ്റാദായം 24% ഉയർന്ന് 10,272 കോടിയിലെത്തി റെക്കോഡിട്ടു.

പലിശ വരുമാനം 13.4% ഉയർന്ന് 18,678 കോടി രൂപയായി. രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്കിൻറെ അറ്റാദായം ഒക്റ്റോബർ ഡിസംബർ കാലയളവിൽ 33% ഉയർന്ന് 16,372 കോടി രൂപയിലെത്തി. പലിശ വരുമാനം 24% ഉയർന്ന് 28,470 കോടി രൂപയിലെത്തി.

നാണയപ്പെരുപ്പ ഭീഷണി ശക്തമായതിനാൽ ഈ വർഷം പലിശ നിരക്ക് കുറയാൻ സാധ്യത മങ്ങുകയാണ്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റമാണ് പ്രധാന വെല്ലുവിളി. വിപണിയിലെ പണദൗർലഭ്യം ശക്തമായാൽ വായ്പകളുടെ പലിശ കൂടാനും സാധ്യതയുണ്ട്.







'പെഡിക്കോൺ 2024' ന്റെ ഭാഗമായി കലൂർ ഐ.എം.എ ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ.ജി.വി ബസവരാജ് സമ്മേളനം സംബന്ധിച്ച് വിശദീകരിച്ചപ്പോൾ. ഡോ. ജുനൈദ് റഹ്മാൻ, ഡോ.എം. നാരായണൻ, ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത്, ഡോ. വസന്ത് ഖലേത്ക്കർ, ഡോ. യോഗേഷ് പാരിഖ്, ഡോ. അഥനു ബദ്രാ സമീപം

# 'പെഡിക്കോൺ 2024' ഇന്ന് മുതൽ കൊച്ചിയിൽ

കൊച്ചി: ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) ന്റെ 61 ാമത് ദേശീയ സമ്മേളനം 'പെഡിക്കോൺ 2024' ഇന്ന് മുതൽ ജനുവരി 28 വരെ എറണാകുളം ഗ്രാന്റ് ഹയാത്തൽ നടക്കുമെന്ന് ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ.ജി.വി ബസവരാജ്, ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആഗോള താപനവും കുട്ടികളുടെ ആരോഗ്യവും എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം.കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തിന്റെ അനന്തരഫലം ഏറ്റവും അധികം ബാധിക്കുന്നത് കുട്ടികളെയാണ്. ഇതുമായി ബന്ധപ്പെട്ട് ബോധവൽക്കരണവും സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.നവജാത ശിശുക്കളുടെയും കുട്ടികളുടെയും മരണനിരക്ക് എങ്ങനെ കുറയ്ക്കാമെന്നും കുട്ടികളുടെ ആരോഗ്യം എങ്ങനെ മെച്ചപ്പെടുത്താമെന്നതിനെക്കുറിച്ചും സമ്മേളനം വിശദമായി ചർച്ച ചെയ്യും.ഇന്ന് രാവിലെ എട്ട് മുതൽ സെമിനാറുകൾ ആരംഭിക്കും. വൈകുന്നേരം ആറിന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐ.എ.പി കേരള, കൊച്ചി ചാപ്റ്ററുകൾ സംയുക്തമായിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.1963ലായിരുന്നു ആദ്യ സമ്മേളനം. 1998 ലായിരുന്നു കേരളത്തിൽ കൊച്ചിയിൽ ഐ.എ.പിയുടെ ദേശീയ സമ്മേളനം നടന്നത്. കാൽ നൂറ്റാണ്ടിനു ശേഷമാണ് വീണ്ടും ദേശീയ സമ്മേളനത്തിന് കേരളവും കൊച്ചിയും വേദിയാകുന്നത്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഏഴായിരത്തിലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

സമ്മേളന വേദിയായ ഗ്രാന്റ് ഹയാത്തിലെ 11 ഹാളുകളിലാണ് വേദി സജ്ജമാക്കിയിരിക്കുന്നത്. ഒരു വേദി ഹൗസ് ബോട്ടിലാണ് ഒരുക്കിയിരിക്കുന്നത്.ഇത്തരത്തിൽ 12 വേദികളിൽ നാലു ദിവസങ്ങളിലായി ഇന്ത്യ കൂടാതെ അമേരിക്ക ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ നിന്നടക്കം 1200ലധികം ആരോഗ്യ വിദഗ്ദർ വിവിധ വിഷയങ്ങളിലായി നടക്കുന്ന സെമിനാറിന് നേതൃത്വം നൽകും. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി പേപ്പർ രഹിത സമ്മേളനം നടത്താനാണ് ലക്ഷ്യമിടുന്നത്. സമ്മേളനത്തിന്റെ നടത്തിപ്പിനായി പ്രത്യേക ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. വാഹന പാർക്കിംഗ്, വേദികൾ, സെമിനാർ വിഷയങ്ങൾ, ഫാക്കൽറ്റികൾ ഉൾപ്പെടെ സമ്മേളനവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഈ ആപ്പിലൂടെ പ്രതിനിധികൾക്ക് ലഭിക്കും കൊച്ചി നഗരത്തെ ഒരു തരത്തിലും ബാധിക്കാത്തവിധത്തിലുള്ള ട്രാഫിക് ക്രമീകരണങ്ങളാണ് സമ്മേളനത്തിന്റെ ഭാഗമായി ഒരുക്കുന്നത്.വാട്ടർ മെട്രോയുമായി ചേർന്ന് ബോട്ട് മാർഗ്ഗവും, ഇരട്ടോയും വഴിയായിരിക്കും.പ്രതിനിധികളെ സമ്മേളന വേദിയായ ഗ്രാന്റ് ഹയാത്തിൽ എത്തിക്കുക. സമ്മേളനത്തിന്റെ ഭാഗമായി പ്രതിനിധികൾക്കായി തയ്യാറാക്കിയിരിക്കുന്ന ആപ്പിൽ ഗതാഗതത്തിനും പാർക്കിംഗിനും നിർദ്ദേശം നൽകുന്ന പ്രത്യേക സംവിധാനം തന്നെ സജ്ജമാക്കിയിട്ടുണ്ട്. മറൈൻഡ്രൈവ്,ബോൾഗാട്ടി പാലസ്, വല്ലാർപാടം പള്ളി ഗ്രൗണ്ട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പാർക്കിംഗിനായി പ്രത്യേക സൗകര്യവും സജ്ജമാക്കിയിട്ടുള്ളതിനാൽ കൊച്ചി നഗര ഗതാഗതത്തെ ഒരു തരത്തിലും സമ്മേളനം ബാധിക്കില്ലെന്നും സംഘാടകർ വ്യക്തമാക്കി. ഐ.എ.പി ജനറൽ സെക്രട്ടറി ഡോ. യോഗേഷ് പാരിഖ്, ട്രഷറർ അഥനു ബദ്രാ,പ്രസിഡന്റ് ഇലക്ട് ഡോ. വസന്ത് ഖലേത്ക്കർ,ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി ഡോ. എം. നാരായണൻ, ട്രഷറർ ഡോ. എം. ഐ ജുനൈദ് റഹ്മാൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ബ്യൂട്ടിഫുൾ ഹോംസ് സ്റ്റോർ കണ്ണൂരിൽ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ പെയിന്റ് അലങ്കാര കമ്പനിയായ ഏഷ്യൻ പെയിന്റ്സിന്റെ ആദ്യ പ്രീമിയം 'ബ്യൂട്ടിഫുൾ ഹോംസ്' മൾട്ടി ക്ലാസ് അലങ്കാര ഷോറൂം കണ്ണൂരിൽ ആരംഭിച്ചു. താഴെ ചൊവ്വയിലെ സികുര സെന്ററിന് സമീപം സ്ഥിതി ചെയ്യുന്ന പുതിയ ഏഷ്യൻ പെയിന്റ്സ് ബ്യൂട്ടിഫുൾ ഹോംസ് സ്റ്റോർ ഉപഭോക്തൃ സേവനവും അനുഭവങ്ങളും വർദ്ധിപ്പിക്കുന്ന സാങ്കേതിക പ്രവണതകളുള്ള സവിശേഷവും ആഴത്തിലുള്ളതുമായ ഷോപ്പിംഗ് അനുഭവം വാഗ്ദാനം ചെയ്യുന്നു. ഏഷ്യൻ പെയിന്റ്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അമിത് സിംഗാൾ അത്യാധുനിക സ്റ്റോർ ഉദ്ഘാടനം ചെയ്തു. റെസിഡൻഷ്യൽ, വാണിജ്യ സ്ഥലങ്ങൾക്കായി സ്റ്റോർ നിരവധി വിഭാഗങ്ങളിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.നാല് നിലകളിലായി 5,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന കണ്ണൂരിലെ ബ്യൂട്ടിഫുൾ ഹോംസ് സ്റ്റോർ ഫർണിച്ചർ, ബാത്ത്, ലൈറ്റുകൾ, തുണിത്തരങ്ങൾ, പരവതാനികൾ, മോഡുലാർ അടുക്കളകൾ, അലമാരകൾ, കിടക്ക, സേഫ് പെയിന്റിംഗ് സേവനങ്ങൾ തുടങ്ങി എല്ലാ ഹോം വിഭാഗങ്ങളിലുമുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന സമഗ്രമായ പരിഹാരങ്ങൾ ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്ന ഒറ്റത്തവണ ഷോപ്പാണ്.




# പുതിയ പദ്ധതികൾ അവതരിപ്പിച്ച് എസ്ബിഐ ലൈഫ് ഇൻഷൂറൻസ്

**കൊച്ചി:** എസ്ബിഐ ലൈഫ് ഇൻഷൂറൻസ് പ്രീമിയം തിരികെ ലഭിക്കുന്ന രണ്ട് പുതിയ ടേം ഇൻഷൂറൻസ് പദ്ധതികളായ എസ്ബിഐ ലൈഫ് സരൾ സ്വധാൻ സുപ്രീം, എസ്ബിഐ ലൈഫ് സ്മാർട്ട് സ്വധാൻ സുപ്രീം എന്നീ രണ്ടു പദ്ധതികൾക്ക് തുടക്കം കുറിച്ചു.

പോളിസി ഉടമയുടെ ആകസ്മിക വിയോഗമുണ്ടായാൽ ഒറ്റത്തവണ തുകയും കാലാവധി പൂർത്തിയാക്കുന്ന പോളിസി ഉടമകൾക്ക് അടച്ച മുഴുവൻ പ്രീമിയവും നൽകുന്നതാണ് പദ്ധതികൾ. ആകസ്മിക വേളകളിൽ പ്രിയപ്പെട്ടവർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാൻ പോളിസി ഉടമകളെ സഹായിക്കുന്നതാണ് ഈ പദ്ധതികളെന്ന് അധികൃതർ വ്യക്തമാക്കി. ഉപഭോക്തൃ കേന്ദ്രീകൃത സമീപനം, താങ്ങാനാവുന്ന പ്രീമിയം തുടങ്ങിയവയാണ് ഇതിൻറെ സവിശേഷതകൾ.ഏഴ്, പത്ത്, 15 വർഷങ്ങളായുള്ള പ്രീമിയം അടവു കാലാവധി ഈ പദ്ധതികളിൽ തെരഞ്ഞെടുക്കാം. പത്തു മുതൽ 30 വർഷം വരെയുള്ള പോളിസി കാലാവധി തെരഞ്ഞെടുക്കാനുമാവും.

ഇരു പദ്ധതികളിലും കുറഞ്ഞ പരിരക്ഷാ തുക 25 ലക്ഷം രൂപയാണ്. സരൾ സ്വധാൻ സുപ്രീമിൽ പരമാവധി പരിരക്ഷ 50 ലക്ഷം രൂപയാണ്. സ്മാർട്ട് സ്വധാൻ സുപ്രീമിൽ പരമാവധി പരിധിയില്ല. ആദായ നികുതി നിയമ പ്രകാരമുള്ള ആനുകൂല്യങ്ങളും പദ്ധതികളിൽ ലഭ്യമാണ്.



# ഫിനാൻസ് ക്വസ്റ്റ് സംഘടിപ്പിച്ചു

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ് സ് ഓഫ് ഇന്ത്യ കൊച്ചി ചാപ്റ്റർ അവസാന വർഷ കൊമേഴ്സ് ബിരുദ വിദ്യാർഥികൾക്കായി ഫിനാൻസ് ക്വസ്റ്റ് എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. ഐ സി എം എ ഐ കൊച്ചിൻ ചാപ്റ്റർ ചെയർമാൻ ടി.വി തോമസ് ഉദ്ഘാടനം ചെയ്തു. എട്ട് കോളെജുകളിൽ നിന്നായി 62 വിദ്യാർഥികൾ പങ്കെടുത്തു. പ്രാഥമിക റൗണ്ടിൽ നിന്നും തെരഞ്ഞെടുത്ത 6 ടീമുകളാണ് അവസാന റൗണ്ടിൽ പങ്കെടുത്തത്. സെന്റ്. ആൽബർട്ട്സ് കോളെജിലെ നിഖിൽ ജോസഫ് തോമസ്, എം എം മുകേഷ് എന്നിവർ ഒന്നാം സ്ഥാനവും തൃക്കാക്കര ഭാരത് മാതാ കോളെജിലെ മേഘ എൽസ ബിനു, ആർ.വാസുദേവ് എന്നിവരടങ്ങുന്ന ടീം രണ്ടാം സ്ഥാനവും തേവര എസ് എച്ച് കോളെജിലെ സാനിയ ഷാജി, ദേവപ്രിയ എസ് നായർ എന്നിവരടങ്ങുന്ന ടീം മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും സമ്മാനിച്ചു.

# സാംസങ് ബികെസി ലൈഫ്സ്റ്റൈൽ എക്സ്പീരിയൻസ് സ്റ്റോർ പ്രവർത്തനം ആരംഭിച്ചു



**കൊച്ചി:** ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക് കമ്പനിയായ സാംസങ് രാജ്യത്തെ തങ്ങളുടെ ആദ്യ ഓൺലൈൻ ടു ഓഫ്‌ലൈൻ (ഒ2ഒ) ലൈഫ്സ്റ്റൈൽ സ്റ്റോർ അവതരിപ്പിച്ചു. മുംബൈയിലെ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്റ്റ് ബാന്ദ്ര കുർള കോംപ്ലക്സിന്റെ (ബികെസി) ഹൃദയഭാഗത്തുള്ള അൾട്രാ ലക്ഷ്വറി ജിയോ വേൾഡ് പ്ലാസ മാളിലാണ് സ്റ്റോർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. 8,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന സാംസങ് ബികെസി അതുല്യമായ ക്യൂറേറ്റഡ് അനുഭവങ്ങളിലൂടെയും യഥാർത്ഥ ജീവിത സാഹചര്യങ്ങളിലൂടെയും സാംസങ്ങിന്റെ ഏറ്റവും മികച്ച പ്രീമിയം ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും. ഈ പുതിയ സ്റ്റോർ സാംസങ്ങിന്റെ ഏറ്റവും വിശാലമായ പ്രീമിയം പോർട്ട്ഫോളിയോ സ്മാർട്ട്ഫോണുകൾ മുതൽ ടെലിവിഷനുകൾ, റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. ഒപ്പം സാംസങ്ങിന്റെ എഐ ഇക്കോസിസ്റ്റത്തിന്റെ ശക്തി പ്രയോജനപ്പെടുത്തുന്നു.

# ധ്യാൻ ശ്രീനിവാസൻ ചിത്രം പാലക്കാട് തുടങ്ങി

ധ്യാൻ ശ്രീനിവാസൻ,തൻവി റാം എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ റമീസ് നന്തി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ചിത്രീകരണം പാലക്കാട് മാത്തൂരിൽ ആരംഭിച്ചു.ധ്യാൻ ശ്രീനിവാസൻ സ്വിച്ചോൺ കർമ്മം നിർവഹിച്ചു.നിർമ്മാതാവ് സത്യജിത് പാലാഴി ആദ്യ ക്ലാപ്പടിച്ചു.ഹരീഷ് കണാരൻ,ഭഗത് മാനുവൽ, ശ്രീജിത്ത് രവി,ജാഫർ ഇടുക്കി,മനോജ് കെ യു,അബിൻ,സുനിൽ, ശ്രീപത്,സീമ ജി നായർ,അഞ്ജന അപ്പുക്കുട്ടൻ,


നിഷാ സാരംഗ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ലംബൂസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സത്യജിത്ത് പാലാഴി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം റോജോ തോമസ് നിർവഹിക്കുന്നു.ബി കെ ഹരിനാരായണൻ എഴുതിയ വരികൾക്ക് ഗോപി സുന്ദർ സംഗീതം പകരുന്നു.എഡിറ്റർകണ്ണൻ മോഹൻ.പ്രൊഡക്ഷൻ കൺട്രോളർനിജിൽ ദിവാകരൻ,കലശ്യാം കാർത്തികേയൻ,മേക്കപ്പ്രാജീവ് അങ്കമാലി, വസ്ത്രാലങ്കാരം സുകേഷ് താനൂർ,സ്റ്റിൽസ്സന്തോഷ് പട്ടാമ്പി, ഡിസൈൻ മനു ഡാവിഞ്ചി, ചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ, അസോസിയേറ്റ് ഡയറക്ടർവിഷ്ണു ചന്ദ്രനു,സഫീൻ സുൽഫിക്കർ, അസിസ്റ്റന്റ് ഡയറക്ടർസിജോ മോൻ ടി എസ്,അഷ്ബിൻ,ഹരിശങ്കർ കെ വി,ആക്ഷൻ കെവിൻ,വിഎഫ്എക്സ്ഡിടിഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സുനിൽ മേനോൻ,പ്രൊഡക്ഷൻ മാനേജർനിഷാന്ത് പന്നിയങ്കര,പി ആർ ഒഎ എസ് ദിനേശ്


# ‘എൽഎൽബി” വീഡിയോ ഗാനം

ശ്രീനാഥ് ഭാസി,അനൂപ് മേനോൻ,വിശാഖ് നായർ,അശ്വത് ലാൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എ എം സിദ്ധിഖ്തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘എൽ.എൽ.ബി”(ലൈഫ് ലൈൻ ഓഫ് ബാച്ചിലേഴ്സ് ) എന്ന ചിത്രത്തിന്റെ വീഡിയോ ഗാനം റീലീസായി.മനു മഞ്ജിത്ത് എഴുതിയ വരികൾക്ക് കൈലാസ് സംഗീതം പകർന്ന് നരേഷ് അയ്യർ, വൈഷ്ണവ് ഗിരീഷ് എന്നിവർ ആലപിച്ച ‘ പാറുകയായ് പടരുകയാണ്.....‘ എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്. ഫെബ്രുവരി രണ്ടിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ റോഷൻ അബൂബക്കർ, സുധീഷ്,ശ്രീജിത്ത് രവി, രമേഷ് കോട്ടയം,സിബി കെ തോമസ്, മനോജ് കെ യു, പ്രദീപ് ബാലൻ,കാർത്തിക സുരേഷ്,സീമ ജി നായർ,നാദിറ മെഹ്റിൻ,കവിത ബൈജു,ചൈത്ര പ്രവീൺ തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.രണ്ടത്താണി ഫിലിംസിന്റെ ബാനറിൽ മുജീബ് രണ്ടത്താണി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഫൈസൽ അലി നിർവഹിക്കുന്നു.

സന്തോഷ് വർമ്മ,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ബിജി ബാൽ,കൈലാസ് എന്നിവർ സംഗീതം പകരുന്നു.എഡിറ്റർ അതുൽ വിജയ്,പ്രൊഡക്ഷൻ കൺട്രോളർദീപക് പരമേശ്വരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസിനു മോൾ സിദ്ധിഖ്.കലസുജിത് രാഘവ്,മേക്കപ്പ്സജി കാട്ടാക്കട,വസ്ത്രാലങ്കാരം അരവിന്ദ് കെ ആർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർസുധീഷ് ഗാന്ധി,അസ്സോസിയേറ്റ് ഡയറക്ടർജംനാസ് മുഹമ്മദ്,ആക്ഷൻഫീനിക്സ് പ്രഭു, മാഫിയ ശശി, അഷ്റഫ് ഗുരുക്കൾ,

കൊറിയോഗ്രാഫിഎം ഷെറീഫ്,ഇംതിയാസ്,സ്റ്റിൽസ്ഷിബി ശിവദാസ്,ഡിസൈൻമനു ഡാവിഞ്ചി,പി ആർ ഒഎ എസ് ദിനേശ്.




# മദ്രാസ്കാരൻ

ഷെയിൻ നിഗം ഇനി തമിഴിലേക്ക്. ദുൽഖർ സൽമാനാണ് ഷെയിൻ നിഗത്തിന്റെ ആദ്യ തമിഴ് ചിത്രം പ്രഖ്യാപിച്ചത് ഷെയിൻ നിഗത്തിന്റെ ആദ്യ തമിഴ് ചിത്രത്തിന്റെ പേര് മദ്രാസ്കാരൻ എന്നാണ്. ംഗോലി എന്ന ചിത്രം സംവിധാനം ചെയ്ത വാലി മോഹൻദാസ് ആണ് സംവിധാനം ചെയ്യുന്നത്. കലൈയരശൻ, നിഹാരിക കൊണ്ടേല എന്നിവർ മറ്റു കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. എസ് ആർ പ്രൊഡക്ഷൻസിന്റെ ബാനറിൽ ബി.ജഗദീഷ് ആണ് നിർമ്മിക്കുന്ന ആദ്യ ചിത്രമാണിത്. സുന്ദരമൂർത്തി സംഗീത സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത് പ്രസന്ന എസ് കുമാറാണ്.പി ആർ ഓ പ്രതീഷ് ശേഖർ.




# ഒരു കട്ടിൽ ഒരു മുറി

പ്രിയംവദ കൃഷ്ണൻ, പൂർണിമ ഇന്ദ്രജിത്ത്, ഹക്കിം ഷാ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കിസ്മത്ത് തൊട്ടപ്പൻ എന്നീ സിനിമകൾക്ക് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന ”ഒരു കട്ടിൽ ഒരു മുറി” എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ റീലീസായി.ഷമ്മി തിലകൻ, വിജയരാഘവൻ , ജാഫർ ഇടുക്കി, രഘുനാഥ് പലേരി , ജനാർദ്ദനൻ, ഗണപതി, സ്വാതിദാസ് പ്രഭു,പ്രശാന്ത് മുരളി , മനോഹരി ജോയ്, തുഷാര പിള്ള, വിജയകുമാർ പ്രഭാകരൻ, ഹരിശങ്കർ, രാജീവ് വി തോമസ്, ജിബിൻ ഗോപിനാഥ്, ഉണ്ണിരാജ, ദേവരാജൻ കോഴിക്കോട് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.സപ്ത തരംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,വിക്രമാദിത്യൻ ഫിലിംസ് എന്നീ ബാനറുകളിൽ സപ്ത തരംഗ് ക്രിയേഷൻസ് സമീർ ചെമ്പയിൽ,രഘുനാഥ് പാലേരി എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എൽദോ ജോർജ്ജ്നിർവഹിക്കുന്നു.രഘുനാഥ് പാലേരി തിരക്കഥ സംഭാഷണമെഴുതുന്നു.രഘുനാഥ് പലേരി, അൻവർ അലി എന്നിവർ എഴുതിയ വരികൾക്ക് അങ്കിത് മേനോൻ,വർക്കി എന്നിവർ സംഗീതം പകരുന്നു. രവി ജി,നാരായണി ഗോപൻ എന്നിവരാണ് ഗായകർ.പശ്ചാത്തല സംഗീതം വർക്കി.എഡിറ്റിങ്മനോജ് സി എസ്,പ്രൊഡക്ഷൻ കൺട്രോളർഏൽദോ സെൽവരാജ്,കലാസംവിധാനം അരുൺ ജോസ്, മേക്കപ്പ് അമൽ കുമാർ,കോസ്റ്റ്യൂം ഡിസൈൻനിസ്സാർ റഹ്മത്ത്,സൗണ്ട് ഡിസൈൻ രംഗനാഥ് രവി, മിക്സിങ്വിപിൻ. വി. നായർ,കാസ്റ്റിംഗ് ഡയറക്ടർബിനോയ് നമ്പാല,സ്റ്റിൽസ്ഷാജി നാഥൻ,സ്റ്റണ്ട്കെവിൻ കുമാർ,പോസ്റ്റ് പ്രൊഡക്ഷൻ കോർഡിനേറ്റർഅരുൺ ഉടുമ്പൻചോല, അഞ്ജു പീറ്റർ,ഡിഐ ലിജു പ്രഭാകർ,വിഷ്വൽ എഫക്ട്റിഡ്ജ് വിഎഫ്എക്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ ഉണ്ണി സി, എ.കെ രജിലേഷ്,ഡിസൈൻസ് തോട്ട് സ്റ്റേഷൻ,പി ആർ ഒ എ എസ് ദിനേശ്.

# കെ.എൽ.സി.എ സംസ്ഥാന ജനറൽ കൗൺസിൽ സമ്മേളനം

**കൊച്ചി :**കേരള ലത്തീൻ കത്തോലിക്ക അസ്സോസ്സിയേഷൻ (കെ.എൽ.സി.എ) 52ാമത് സംസ്ഥാന ജനറൽ കൗൺസിൽ സമ്മേളനം 26 ന് രാവിലെ 10 മണിക്ക് പാലക്കാട് നടക്കും. സുൽത്താൻപേട്ട് രൂപത ഉൾപ്പെടുന്ന പാലക്കാട് കത്തീഡ്രൽ ഹാളിൽ വച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ലത്തീൻ സമുദായത്തെ സംബന്ധിക്കുന്ന സുപ്രധാനപ്പെട്ട വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സംബന്ധിച്ച് സർക്കാർ ഇപ്പോൾ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കണമെന്ന് സമ്മേളനം ആവശ്യപ്പെടും. കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി പുറത്തുവിടണമെന്നും, കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളുമായി ബന്ധപ്പെട്ട് വകുപ്പുകൾക്ക് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് മറുപടി വേഗത്തിലാക്കണമെന്നും സമ്മേളനം ആവശ്യപ്പെടും.

റിപ്പോർട്ട് നടപ്പിലാക്കാനുള്ള സമ്മർദ്ദപരിപാടികൾ പ്രഖ്യാപിക്കും.വിഴിഞ്ഞം, മുതലപ്പൊഴികേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറരുത്. കോടതിയിൽ എത്തുന്നതിനുമുമ്പു തന്നെ പോലീസിന് ആവശ്യമെങ്കിൽ അന്വേഷണത്തിൻറെ അടിസ്ഥാനത്തിൽ റഫർ റിപ്പോർട്ട് നല്കി പിൻവലിക്കാവുന്ന കേസുകളാണ് ഭൂരിഭാഗവും എന്നിരിക്കെ അത്തരം നടപടികളിലേക്ക് കടക്കണം. സാമൂഹികസാമ്പത്തിക സർവ്വേ സംബന്ധിച്ച സെൻസസ് നടപ്പിലാക്കി വിവിധ ഉദ്യോഗങ്ങളിൽ ലത്തീൻ കത്തോലിക്കാ സമൂഹത്തിൻറെ പങ്ക് വെളിപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കാൻ മുന്നണികൾ തയ്യാറാകണം എന്നും സമ്മേളനം ആവശ്യപ്പെടും.

സമുദായ സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സാഹചര്യങ്ങളിൽ ഉടനടി പരിഹാരത്തിന് നോഡൽ ഓഫീസറെ നിയമിക്കുകയും, കുറ്റക്കാർക്കായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളുകയും വേണം. ബിഷപ്പുമാർ നല്കുന്ന കത്ത് ആധികാരികരേഖയായി പരിഗണിക്കാനുള്ള രീതിയിൽ സർക്കാർ ഉത്തരവിറക്കണമെന്നും സമ്മേളനം ആവശ്യപ്പെടും. മുതലപ്പൊഴിയിലെ അശാസ്ത്രീയമായ നിർമ്മാണങ്ങൾ ശാസ്ത്രീയമായി പരിഹരിച്ച് സുരക്ഷിതമാക്കണം എന്ന് നിരന്തരമായി ഉന്നയിക്കപ്പെടുന്ന ആവശ്യമാണ് അതുപോലെ തന്നെ ചെല്ലാനം മുതൽ ഫോർട്ടുകൊച്ചി വരെയുള്ള കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കി ജനജീവിതം സുരക്ഷിതമാക്കണം എന്നും സമ്മേളനം ആവശ്യപ്പെടും. തീരദേശഹൈവേ സംബന്ധിച്ച് ഇപ്പോൾ നടക്കുന്ന സർവ്വേ, ചിലയിടങ്ങളിൽ ആരംഭിക്കുവാൻ പോകുന്ന സാമൂഹിക ആഘാതപഠനം തീരദേശത്തിൻറെ പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് കൂടുതൽ നഷ്ടപരിഹാരം തരുന്ന രീതിയിലുള്ള പാക്കേജ് കൊണ്ടുവരണമെന്നുള്ള പ്രമേയം അവതരിപ്പിക്കും. ഉച്ചക്കുശേഷം നടക്കുന്ന സമ്മേളനം സുൽത്താൻപേട്ട് രൂപതാ ബിഷപ്പ് പീറ്റർ അബീർ അന്തോണിസാമി ഉദ്ഘാടനം ചെയ്യും. കേരള ലറ്റിൻ കത്തോലിക്ക അസ്സോസ്സിയേഷൻ സംസ്ഥാന പ്രസിഡണ്ട് അഡ്വ: ഷെറി ജെ. തോമസ് അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബിജു ജോസി, സംസ്ഥാന ട്രഷറർ രജീഷ് ആൻറണി, തുടങ്ങിയ സംസ്ഥാന ഭാരവാഹികളും സുൽത്താൻപേട്ട് രൂപത അഡ്ഹോക് സമിതി ഭാരവാഹികൾ തുടങ്ങിയവർ പ്രസംഗിക്കും.

## ഡിലോയിറ്റ് ഇന്ത്യ ഫാസ്റ്റ് 50 പട്ടികയിൽ ഇടം നേടി റിഫ്ളെക്ഷൻസ് ഇൻഫോ സിസ്റ്റംസ്



**തിരുവനന്തപുരം:** ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന 50 ടെക്നോളജി കമ്പനികളുടെ പട്ടികയായ ഡിലോയിറ്റ് ഇന്ത്യ ഫാസ്റ്റ് 50ൽ ഇടം നേടി തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന റിഫ്ളെക്ഷൻസ് ഇൻഫോ സിസ്റ്റംസ്. തുടർച്ചയായ രണ്ടാം വർഷമാണ് കമ്പനി ഈ നേട്ടം കൈവരിക്കുന്നത്.

കഴിഞ്ഞ മൂന്ന് വർഷത്തെ വളർച്ചാനിരക്ക് കണക്കിലെടുത്താണ് വിവിധ കമ്പനികളെ ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. 2022 ലെ ഇതേ പട്ടികയിൽ റിഫ്ലെക്ഷൻസ് ഇൻഫോ സിസ്റ്റംസിനു ഇരുപതാം സ്ഥാനമായിരുന്നു. ഇന്ത്യയിലെ ടെക് കമ്പനികളിലെ വനിതാ സിഇഒ മാരെ അംഗീകരിക്കുന്ന 'SheXO in Tech' എന്ന അംഗീകാരവും കമ്പനി സ്വന്തമാക്കി.ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യം, നൂതനമായി ചിന്തിക്കാനുള്ള കഴിവ്, വ്യവസായ വ്യാപാര പങ്കാളികളുമായുള്ള ശക്തമായ ബന്ധം, ഉപഭോക്താക്കളുടെയും നിക്ഷേപകരുടെയും അകമഴിഞ്ഞ പിന്തുണ എന്നിവ മൂലമാണ് ഈ നേട്ടം സാധ്യമായതെന്നു റിഫ്ലെക്ഷൻസ് ഇൻഫോ സിസ്റ്റംസിന്റെ സി.ഇ.ഒ ദീപ സരോജമ്മാൾ പറഞ്ഞു .

നിരന്തരം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികരംഗത്ത് ഈ മാറ്റങ്ങൾക്കനുസരിച്ച് പുതിയ ബിസിനസ് സാധ്യതകൾ തിരിച്ചറിയാനും നിലവിലുള്ളവയെ പുതുക്കാനും ആവശ്യമായ സാങ്കേതികഉത്പന്നങ്ങളും സഹായവും തങ്ങളുടെ ഉപഭോക്താക്കൾക്ക് നൽകുന്ന കമ്പനിയാണ് റിഫ്ലെക്ഷൻസ് ഇൻഫോ സിസ്റ്റംസ്. വീണ്ടും ഡിലോയിറ്റ് ലിസ്റ്റിൽ ഇടംനേടിയത് സാങ്കേതിക രംഗത്ത് കൂടുതൽ നൂതനമായ ചിന്തകളുമായി മുൻപോട്ടു പോകാനുള്ള അവസരമാണ് കമ്പനിക്കു മുൻപിൽ തുറന്നിടുന്നതെന്നും ദീപ കൂട്ടിച്ചേർത്തു.

## സെന്റ് തെരേസാസ് കോളജിൽ വിദേശ വിദ്യാഭ്യാസ പ്രദർശനം

**കൊച്ചി:** സെന്റ് തെരേസാസ് കോളേജ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിദേശ വിദ്യാഭ്യാസ പ്രദർശനം ഇന്ന് സമാപിക്കും.

വിദേശ വിദ്യാഭ്യാസ കൺസൾട്ടന്റുമാർ, സർവകലാശാല പ്രതിനിധികൾ, വിദ്യാഭ്യാസ യാത്ര, വിസ സേവനദാതാക്കൾ എന്നിവർ പങ്കെടുക്കുന്നുണ്ട്. വിദേശത്ത് ലഭ്യമാകുന്ന ബിരുദ, ബിരുദാനന്തര കോഴ്സുകളെ കുറിച്ചും തൊഴിൽ സാധ്യതകളെ കുറിച്ചും വിദ്യാർഥികൾക്ക് നേരിട്ട് മനസിലാക്കാം. കാനം കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, കെ സി ഓവർസീസ് എഡ്യൂക്കേഷൻ, എഡ്യുഗോ ഇന്റർനാഷണൽ എഡ്യൂക്കേഷൻ, ഒറൈാമ അക്കാദമി പ്രൈവറ്റ് ലിമിറ്റഡ്, ഡ്രീം എബ്രോഡ് എഡ്യൂക്കേഷണൽ കൺസൾട്ടന്റ്സ്, റിയ സ്റ്റഡി എബ്രോഡ്, ലെവെറേജ് എഡ്യൂ, ഐഎംപി സ്റ്റഡി എബ്രോഡ്, മൂവ്മെന്റ് എഡ്യൂക്കേഷൻ സ്റ്റഡി, വിന്റേജ് സ്റ്റഡി എബ്രോഡ്, സ്റ്റഡി മെട്രോ കേരളം, ക്യാൻഅപ്പ്രൂവ് കൺസൾട്ടൻസി സർവീസ്, അഡ്സസ് കരിയേഴ്സ്, സാന്റമോനിക്ക സ്റ്റഡി എബ്രോഡ് ആൻഡ് സാന്റമോനിക്ക അക്കാദമി, ഐഇ എൽടിഎസ് / പിടിഇ/ ഒഇടി/ ടോഫെൽ/ ജർമൻ കോച്ചിങ്, ജി എസ് എസ് എച്ച് ആർ ഫോറിൻ എഡ്യുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, എഡ്യുവേൾഡ്, യുകെ എക്സ്പ്രസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഇമ്പ്രസാരിയോ ഈവന്റ് മാർക്കറ്റിങ് കമ്പനി, ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഡെവലെപ്മെൻറ് പ്രോഗ്രാംസ് സെന്റ് തെരേസാസ് കോളേജ്(ഐഇഡിപി) എന്നിവരാണ് വിദ്യാഭ്യാസ പ്രദർശനത്തിൽ പങ്കെടുക്കുന്നത്.വിവിധ കോഴ്സുകളിൽ നിന്ന് വിദ്യാർഥികൾക്ക് ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാൻ അവസരമുണ്ടാകും. കൺസൾട്ടന്റുമാരും സർവകലാശാല പ്രതിനിധികളും പ്രവേശന രീതി, കോഴ്സുകളുടെ കാലാവധി, തൊഴിൽ സാധ്യത തുടങ്ങിയ കാര്യങ്ങൾ നേരിട്ട് വിശദീകരിക്കും. വിദേശ പഠനത്തിനാഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് വിദേശ വിദ്യാഭ്യാസ പ്രദർശനം ഏറെ പ്രയോജനകരമാണ്. രാവിലെ 10 മുതൽ വൈകിട്ട് 4 വരെ നടക്കുന്ന വിദ്യാഭ്യാസ പ്രദർശനത്തിന് പ്രവേശനം സൗജന്യമാണ്. ഇമ്പ്രസാരിയോ ഈവന്റ്സാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്.



## ഓട്ടോകാർ മാഗസിൻ പുരസ്കാരം ഇറാം മോട്ടോർസിന്

**മുംബൈ:** ഇന്ത്യയിലെ ഈ വർഷത്തെ ഏറ്റവും മികച്ച ഉപഭോക്തൃ കേന്ദ്രീകൃത കാർ ഡീലർക്കുള്ള ഓട്ടോകാർ ഇന്ത്യ മാഗസിൻ പുരസ്കാരം മഹീന്ദ്ര ആന്റ് മഹീന്ദ്ര വാഹനങ്ങളുടെ കേരളത്തിലെ ഏറ്റവും വലിയ ഡീലറായ ഇറാം മോട്ടോർസിന് ലഭിച്ചു. കഴിഞ്ഞ ദിവസം മുംബൈയിൽ നടന്ന വർണാഭമായ ചടങ്ങിൽ ഇറാം മോട്ടോർസ് ചെയർമാൻ ഡോ. സിദ്ദീഖ് അഹമ്മദ് പ്രൈവറ്റ് കാർ ബിസിനസ് നാഷണൽ ഹെഡ് ആഷിഷ് രഞ്ജിനിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ഇന്ത്യൻ വാഹന വിപണിയിൽ മുൻപന്തിയിൽ നിൽക്കുന്ന മഹീന്ദ്ര ആന്റ് മഹീന്ദ്ര മാനേജ്മെന്റിന്റെ അകമഴിഞ്ഞ പിന്തുണയാണ് ഇറാം മോട്ടോർസിന് ഈ പുരസ്കാരം ലഭിക്കാൻ കാരണമായതെന്നും അതിന് അതിയായ നന്ദി രേഖപ്പെടുത്തുന്നതായും ഡോ. സിദ്ദീഖ് അഹമ്മദ് പറഞ്ഞു. ഇറാം മോട്ടോർസിലെ ജീവനക്കാരുടെ കഠിനാധ്വാനവും അഭ്യുദയകാംക്ഷികളുടെ പ്രാർത്ഥനയുമാണ് തങ്ങളുടെ നിരന്തര വളർച്ചയ്ക്ക് സഹായിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.തൃശൂർ മുതൽ കാസർകോട് വരെ കേരളത്തിന്റെ വടക്കൻ ജില്ലകളിൽ 26 ഷോറൂമുകളിലായി തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ മഹീന്ദ്ര വാഹന ഡീലറാണ് ഇറാം മോട്ടോർസ്. ഒന്നര പതിറ്റാണ്ടോളമായി ഇന്ത്യൻ വാഹന വിപണിയിലുള്ള ഇറാം മോട്ടോർസ് ഇതിനകം നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തുമായി വ്യാപിച്ചു കിടക്കുന്ന ഇറാം ഗ്രൂപ്പിന്റെ കീഴിലുള്ള ഇറാം മോട്ടോർസിന് വാഹന വിപണിയിൽ കൂടുതൽ ഊർജ്ജസ്വലമായി നിലനിൽക്കാൻ ഓട്ടോകാർ ഇന്ത്യ പുരസ്കാരം പ്രചോദനമാകുമെന്ന് മാനേജിങ് ഡയറക്ടർ പി.എ കബീർ, സി.ഇ.ഒ അശോക് കുമാർ എന്നിവർ പറഞ്ഞു.

## ദർശൻ ഡസ്റ്റിനേഷൻസ്; തുടക്കമിട്ട് ക്ലിയർട്രിപ്പും ഫ്ളിപ്പ്കാർട്ട് ട്രാവലും

**കൊച്ചി:** 'ദർശൻ ഡസ്റ്റിനേഷൻസ്' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭത്തിന്റെ ഭാഗമായി ക്ലിയർട്രിപ്പും ഫ്ളിപ്പ്കാർട്ട് ട്രാവലും ചേർന്ന് വിവിധ ആത്മീയ കേന്ദ്രങ്ങളിലേക്കുള്ള വിമാനടിക്കറ്റുകൾക്കും ഹോട്ടലുകൾക്കും ബസ്സുകൾക്കും പ്രത്യേക നിരക്കുകൾ ലഭ്യമാകും. അയോധ്യ, മധുരൈ, തിരുപ്പതി, അമൃതസർ, ഭോപ്പാൽ, ഷിർദ്ദി, ബോധ്ഗയ, കൊച്ചി, കത്ര (ജമ്മു) എന്നിവ ഉൾപ്പെടെയുള്ള ഇന്ത്യയിലെ പ്രമുഖ ആത്മീയ കേന്ദ്രങ്ങളിലേക്കുള്ള യാത്രയ്ക്ക് ബസ്സ്, ഹോട്ടൽ, വിമാനം എന്നിവയുടെ ബുക്കിങ്ങുകൾക്ക് 20 ശതമാനം ഇളവ് ലഭ്യമാകും. ക്ലിയർ ട്രിപ്പിൽ 20 ശതമാനം ഇളവുകളോടു കൂടിയ വിമാനടിക്കറ്റുകൾ മുതിർന്ന പൗരന്മാർക്ക് മാത്രമായിരിക്കും ലഭിക്കുക. അതേസമയം ഹോട്ടലുകൾ, ബസ്സുകൾ എന്നിവയിൽ നൽകുന്ന 20 ശതമാനം ഇളവ് മേൽപ്പറഞ്ഞ കേന്ദ്രങ്ങളിലേക്ക് എല്ലാ യാത്രക്കാർക്കും ലഭിക്കും. ഫ്ളിപ്പ്കാർട്ട് ട്രാവലിൽ മേൽപ്പറഞ്ഞ കേന്ദ്രങ്ങളിലേക്കുള്ള ആഭ്യന്തര വിമാനടിക്കറ്റുകൾ, ഹോട്ടലുകൾ എന്നിവയിന്മേലുള്ള 20 ശതമാനം കിഴിവ് എല്ലാ ഉപയോക്താക്കൾക്കും ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

ദർശൻ ഡസ്റ്റിനേഷൻസിന്റെ ഭാഗമായി 1008 മുതിർന്ന പൗരന്മാർക്ക് അയോധ്യ സന്ദർശിക്കുവാനുള്ള കോംപ്ലിമെന്ററി വിമാനടിക്കറ്റുകൾ ക്ലിയർട്രിപ്പ് നൽകും. ഫ്ളിപ്പ്കാർട്ട് ട്രാവൽ പ്ലാറ്റ്ഫോമിലും ഈ ഓഫർ ലഭ്യമായിരിക്കും. തങ്ങളുടെ പ്ലാറ്റ്ഫോമുകളിൽ അയോധ്യയുടെ തെരച്ചിൽ മൊത്തത്തിൽ 1500 ശതമാനം വർദ്ധിച്ചതായി ക്ലിയർട്രിപ്പും ഫ്ളിപ്പ്കാർട്ട് ട്രാവലും വ്യക്തമാക്കുന്നു

# ആക്സിസ് ബാങ്കിന് 6,071 കോടി രൂപയുടെ അറ്റാദായം

**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യമേഖലാ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് ഡിസംബറിൽ അവസാനിച്ച പാദത്തിൽ ബാങ്ക് 6,071 കോടി രൂപയുടെ അറ്റാദായം രേഖപ്പെടുത്തി. ബാങ്കിന്റെ അറ്റ പലിശ വരുമാനം (എൻഐഐ) മൂന്നാം പാദത്തിൽ 11,459 കോടി രൂപയിൽ നിന്ന് 9 ശതമാനം ഉയർന്ന് 12,532 കോടി രൂപയായി.

മുൻ വർഷം ഇതേപാദത്തിൽ അറ്റ പലിശ മാർജിൻ (എൻഐഎം) 4.01 ശതമാനമായിരുന്നു. ക്യൂഎബി (കാർട്ടേർലി ആവറേജ് ബാലൻസ്) അടിസ്ഥാനത്തിൽ, കാസ (ഇഅടഅ) വാർഷികാടിസ്ഥാനത്തിൽ 13% വും പാദാടിസ്ഥാനത്തിൽ 1% വും വളർന്നു. ഡിസംബർ അവസാനംവരെ ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി (ഗ്രോസ് എൻപിഎ) 1.58 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി (നെറ്റ് എൻപിഎ) 0.36 ശതമാനവുമാണ്. മൂന്നാം പാദത്തിൽ ബാങ്കിന്റെ ഫീസിനത്തിലുള്ള വരുമാനം 29 ശതമാനം ഉയർന്ന് 5,170 കോടി രൂപയായി. റീട്ടെയിൽ ഫീസ് വാർഷികാടിസ്ഥാത്തിൽ 36% വും പാദാടിസ്ഥാനത്തിൽ 6% വും വർദ്ധിച്ചു, ഇത് ബാങ്കിന്റെ മൊത്തം ഫീസ് വരുമാനത്തിന്റെ 72% ആണ്. ലാഭം ഉൾപ്പെടെയുള്ള മൊത്തത്തിലുള്ള മൂലധന പര്യാപ്തതാ അനുപാതം (സിഎആർ) 16.63 ശതമാനവും സിഇടി 1 അനുപാതം 13.71 ശതമാനവുമാണ്.ലോക സാമ്പത്തിക ഫോറം പോലുള്ള ആഗോള വേദികളിലെ ചർച്ചകളിൽ ഇന്ത്യയെ ഒരു പ്രധാന നിക്ഷേപ ലക്ഷ്യസ്ഥാനമായി കാണുന്നുവെന്ന് ആക്സിസ് ബാങ്ക് എംഡിയും സിഇഒയുമായ അമിതാഭ് ചൗധരി അഭിപ്രായപ്പെട്ടു. നടപ്പുസാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റം ശക്തമാണ്, ഈ പ്രവണത വരുന്ന സാമ്പത്തിക വർഷത്തിലും തുടരുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ആക്സിസ് ബാങ്കിന്റെ, സുസ്ഥിരവും സമഗ്രവുമായ വളർച്ചയിലാണ് ഞങ്ങളുടെ ശ്രദ്ധ, ഓരോ ചർച്ചയിലും ഉപഭോക്താക്കളാണ് കേന്ദ്രസ്ഥാനം വഹിക്കുന്നുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ഡിസംബറിൽ അവസാനിച്ച പാദത്തിൽ ബാങ്ക് 'സ്പർശ് വാരം'ആഘോഷിച്ചിരുന്നു. വിദ്യാഭ്യാസ ഉപഭോക്തൃ കേന്ദ്രീകൃത പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കാര്യങ്ങൾക്ക്ഊന്നൽ നൽകുന്ന ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന പരിപാടിയായിരുന്നു ഈ ആഘോഷം. 5000 ൽ അധികം ശാഖകളും റീട്ടെയിൽ അസറ്റ് സെന്ററുകളും ഉൾക്കൊള്ളുന്ന 15 ഇവന്റുകൾ 95000 ലധികം ജീവനക്കാരിലേക്ക് എത്തിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

# എച്ച്ഡിഎഫ്സി ബാങ്ക് സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക് ഈ വർഷം പരിവർത്തൻ സ്റ്റാർട്ടപ്പ് ഗ്രാന്റിന് കീഴിൽ 30 ഇൻകുബേറ്ററുകൾക്കും ആക്സിലറേറ്ററുകൾക്കും ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചു. ധനസഹായത്തോടെയുള്ള സ്റ്റാർട്ടപ്പുകൾ ശേഷം 100ലധികം സാമൂഹിക സ്വാധീനമുള്ള സ്റ്റാർട്ടപ്പുകൾക്ക് ധനസഹായവും മാർഗനിർദേശവും നൽകുമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

# കാനറ ബാങ്കിന് 3,656 കോടി ലാഭം

**കൊച്ചി:** സാമ്പത്തിക വർഷം ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ കാനറ ബാങ്ക് 3656 കോടി രൂപ അറ്റാദായം നേടി. മുൻ വർഷത്തെ അപേക്ഷിച്ച് 26.86 ശതമാനമാണ് വളർച്ച. ബാങ്കിന്റെ ആഗോള ബിസിനസ് 9.87 ശമതാനം വളർച്ചയോടെ 22,13,360 കോടി രൂപയിലുമെത്തി. 9417 കോടി രൂപയാണ് അറ്റ പലിശ വരുമാനം. അറ്റപലിശ മാർജിൻ 3.02 ശതമാനമായും വർധിച്ചു. 9,50,430 കോടി രൂപയുടെ വായ്പകൾ ആകെ വിതരണം ചെയ്തു. മൊത്ത നിഷ്ക്രിയ ആസ്തി 4.39 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 1.32 ശതമാനമായും നില മെച്ചപ്പെടുത്തി. മൂലധന പര്യാപ്തതാ അനുപാതം 15.78 ശതമാനമാണ്.



# ഇനി മുതൽ മലയാള സിനിമയ്ക്കും ഡിജിറ്റൽ ടൈം കോഡ് സ്ലേറ്റ് തിളക്കം

**കൊച്ചി:** ഹോളിവുഡ്, ബോളിവുഡ് സിനിമ നിർമ്മാണ മേഖലകളിൽ മാത്രം ഇതുവരെ ഉപയോഗിച്ചു വന്നിരുന്ന ഡിജിറ്റൽ ടൈം കോഡ് സ്ലേറ്റ് ഇനിമുതൽ മലയാള സിനിമ ഷൂട്ടിംഗ് ലൊക്കേഷനുകളിലും തിളങ്ങും.കാലങ്ങളായി ഷൂട്ടിംഗിൻറെ ഓരോ ഫ്രെയ്മിലും കൈകൊണ്ട് എഴുതി ഉപയോഗിച്ചിരുന്ന സാധാരണ സ്ലേറ്റ് ബോർഡുകളാണ് ആധുനിക ഡിജിറ്റൽ സ്ലേറ്റുകൾക്ക് വഴിമാറുന്നത്. ബ്ലൂടൂത്ത് വഴി ക്യാമറകളെ വയർലെസ്സായി ബന്ധിപ്പിച്ചാണ് ഇവ പ്രവർത്തിപ്പിക്കുക. ശബ്ദം, ക്യാമറകൾ, പ്രൊഡക്ഷൻ അസിസ്റ്റൻറുമാർ, ഡയറക്ടർമാർ എന്നിവയെ ഇത് വളരെ കൃത്യതയോടെ സമുന്നയിപ്പിക്കും. സിനിമയ്ക്കും ടെലിവിഷനും ഷൂട്ട് ചെയ്യുമ്പോൾ സ്ക്രിപ്റ്റ് നോട്ടുകൾ, ഷോട്ട് വിവരങ്ങൾ, ഓഡിയോ നോട്ടുകൾ എന്നിവ പരസ്പരം ക്രമീകരിച്ച് ചെയ്യേണ്ട കാര്യങ്ങളുടെ ആവശ്യകത വർദ്ധിച്ചു വരുന്ന ആധുനിക സിനിമ മേഖലകളിൽ ഇത്തരം സംവിധാനങ്ങളുടെ പ്രസക്തി വർദ്ധിച്ചുവരുകയാണ്. സാമ്പത്തിക ലാഭം, കൃത്യത, സമയ ലാഭം, പ്രൊഡക്ഷനിലെ ഏതൊരാൾക്കും നിഷ്പ്രയാസം വയർലെസ്സായി ലോഗ് ചെയ്യാം എന്നതെല്ലാം ഇതിൻറെ പ്രത്യേകതകളിൽ ചിലതു മാത്രമാണ്.കേരളത്തിൽ ഈ പുതിയ ഉപകരണം മലയാള സിനിമയ്ക്ക് പരിചയപ്പെടുത്തുന്നതും ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതും കൊച്ചിയിലെ നിയോ ഫിലിം സ്കൂളാണ്. എറണാകുളം ഷേണായീസ് തിയേറ്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ സംസ്ഥാന സിനിമ അവാർഡ് ജേതാക്കളായ വിൻസി അലോഷ്യസും അജയൻ അടാട്ടും ചേർന്ന് ഡിജിറ്റൽ ടൈം കോഡ് സ്ലേറ്റ് ഓഡിയൻസിനു മുമ്പിൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ പുതിയ ഫെഫ്ക ഭാരവാഹികളായ സിബി മലയിൽ, ബി. ഉണ്ണികൃഷ്ണൻ, സംസ്ഥാന സിനിമ അവാർഡ് കരസ്ഥമാക്കിയ വിൻസി അലോഷ്യസ്, അജയൻ അടാട്ട് എന്നിവരെ ആദരിക്കൽ, നിയോ ഫിലിം സ്കൂളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയ കുട്ടികളുടെ സർട്ടിഫിക്കറ്റ് വിതരണം, 2024 ബാച്ചിൻറെ വിദ്യാരംഭം എന്നിവ നടത്തി. നിയോ ഫിലിം സ്ക്കൂൾ ഫൗണ്ടർ ചെയർമാൻ ഡോ. ജെയിൻ ജോസഫ്, ഡയറക്ടർ ലിയോ തദേവൂസ് എന്നിവർ സന്നിഹിതരായിരുന്നു.

# ക്രോമയുടെ റിപ്പബ്ലിക് ഡേ സെയിൽ

**കൊച്ചി:** റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള ഓമ്നിചാനൽ ഇലക്ട്രോണിക്സ് റീട്ടെയിലറായ ക്രോമ റിപ്പബ്ലിക് ഡേ സെയിൽ പ്രഖ്യാപിച്ചു. ജനുവരി 28 വരെ നീണ്ടുനിൽക്കുന്ന സെയിലിൽ ക്രോമയിൽ നിന്നും ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിപുലമായ നിര ഏറ്റവും കുറഞ്ഞ വിലയിൽ ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ടിവി, റഫ്രിജറേറ്റർ, എസി, വാഷിംഗ് മെഷീൻ, മൊബൈൽ ഫോണുക!ൾ, ലാപ്ടോപ്പുകൾ, വാട്ടർ ഹീറ്റർ, മൈക്രോ ഓവൻ, എയർ ഫ്രയർ, മിക്സർ ഗ്രൈൻഡറുകൾ എന്നിവയ്ക്കും ക്രോമ ബ്രാൻഡിൽ നിന്നുള്ള ഉത്പന്നങ്ങൾക്കും ആപ്പിൾ, ഫിലിപ്സ്, എൽജി, സാംസംഗ്, ഡൈക്കിൻ, റെഡ്മി, ഫേബർ, ഐഎഫ്ബി തുടങ്ങിയ ജനപ്രിയ ബ്രാൻഡുകൾക്കും മികച്ച ഡീലുകൾ ക്രോമ ലഭ്യമാക്കിയിട്ടുണ്ട്.റിപ്പബ്ലിക് ഡേ സെയിലിൻറെ ഭാഗമായി 999 രൂപയിൽ ആരംഭിക്കുന്ന ഇഎംഐയിൽ ഉത്പന്നങ്ങൾ ലഭ്യമാകും. പഴയ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ എക്സ്ചേഞ്ച് ചെയ്ത് 5000 രൂപ വരെയുള്ള ആനുകൂല്യങ്ങൾ നേടുകയും ചെയ്യാം. തിരഞ്ഞെടുത്ത ബാങ്ക് ഓഫറുകൾ പ്രകാരം 10 ശതമാനം അധിക കിഴിവുണ്ട്.




ക്രോമ ബ്രാൻഡഡ് ഉത്പന്നങ്ങൾക്ക് 10 ശതമാനം ഫ് ളാറ്റ് ഡിസ്കൗണ്ട് ഉണ്ട്. ക്രോമയുടെ 7.5 കിലോ ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീൻ 1510 രൂപയിൽ ആരംഭിക്കുന്ന ഇഎംഐയിൽ ലഭിക്കും. ക്രോമ 50 ഇഞ്ച് ഗൂഗിൾ ടിവിയും 1694 രൂപയിൽ ആരംഭിക്കുന്ന ഇഎംഐ ൽ ലഭ്യമാണ്.ക്രോമ അതിൻറെ മൊബൈൽ, ടെക്നോളജി നിരയിലും ആകർഷകമായ ഓഫറുകൾ നല്കുന്നുണ്ട്. ഐഫോൺ 15 ൻറെ വില പ്രതിമാസം 1954 രൂപയിൽ ആരംഭിക്കുന്നു. ലാപ്ടോപ്പ് വാങ്ങുന്നവർക്ക് 9,990 രൂപയുടെ സൗജന്യ ആക്സസറികളും നല്കുന്നുണ്ട്.

ഗൃഹോപകരണ വിഭാഗത്തിൽ എൽജി അൾട്രാ എച്ച്ഡി സ്മാർട്ട് എൽഇഡി ടിവികൾ പ്രതിമാസം 999 രൂപ മുതൽ ലഭ്യമാണ്. കൂടാതെ സാംസങ്ങിൻറെ 10 കിലോ 5 സ്റ്റാർ ഓട്ടോമാറ്റിക് ടോപ്പ് ലോഡ് വാഷിംഗ് മെഷീനുകളുടെ വില 25,990 രൂപ ആണ്. സാംസങ്ങിൻറെ ഫ്രോസ്റ്റ് ഫ്രീ 236 ലിറ്റർ റഫ്രിജറേറ്ററുകൾ 24,490 രൂപയിൽ ആരംഭിക്കുന്നു, 12 മാസത്തെ ഇഎംഐ പ്ലാൻ ലഭ്യമാണ്.




# സി.ഐ.എ.എസ്.എൽ അക്കാദമിയ്ക്ക് അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഉപകമ്പനിയായ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ ലിമിറ്റഡ് അക്കാദമിയ്ക്ക് വ്യോമയാന മേഖലയിലെ വിവിധ കോഴ്സുകൾ നടത്താനുള്ള എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ സർട്ടിഫിക്കേഷൻ ലഭിച്ചു.

വ്യവസായ മന്ത്രിയും സിയാൽ ഡയറക്ടറുമായ പി.രാജീവ്, സി.ഐ.എ.എസ് എല്ലിന് ലഭിച്ച സർട്ടിഫിക്കറ്റ് അനാച്ഛാദനം ചെയ്തു. കാനഡയിലെ മോൺട്രിയൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന് വേണ്ടി വിവിധ കോഴ്സുകൾ നടത്താനും സർട്ടിഫിക്കറ്റുകൾ നൽകാനും ഇതോടെ സി.ഐ.എസ്.എല്ലിന് അനുമതി ലഭിച്ചിട്ടുണ്ട്. എ.സി.ഐ അംഗീകൃത ഏവിയേഷൻ മാനേജ്മെന്റിൽ പരിശീലന കോഴ്സിനായി പ്രവേശനം ലഭിച്ചിട്ടുള്ള ആദ്യ ബാച്ചിന്റെ ഉദ്ഘാടനവും ഇതിനായി അത്യാധുനിക സംവിധാനങ്ങളോടെ സജ്ജീകരിച്ച ഹൈടെക് ക്ലാസ് റൂമിന്റ ഉദ്ഘാടനവും മന്ത്രി രാജീവ് നിർവഹിച്ചു. വ്യോമയാന മേഖലയിലെ വിവിധ തൊഴിലുകൾക്കായി അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടികളെ പ്രാപ്തരാക്കാൻ സി.ഐ.എ.എസ്.എല്ലിന്റെ പരിശീലനത്തിന് കഴിയുമെന്ന് മന്ത്രി രാജീവ് പറഞ്ഞു. സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഐ.എ.എസ്, സിയാൽ ഡയറക്ടർ എൻ.വി.ജോർജ്, സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ സന്തോഷ് ജെ.പൂവട്ടിൽ, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി കെ.ജോർജ്, ജയരാജൻ വി, ചീഫ് ഫിനാഷ്യൽ ഓഫീസർ സജി ഡാനിയേൽ തുടങ്ങിയവർ പങ്കെടുത്തു.

## ബിഎൽഎസ് ഇസർവീസസിൻറെ പ്രാഥമിക പബ്ലിക് ഇഷ്യൂ ജനുവരി 30 മുതൽ

**കൊച്ചി:** ബിഎൽഎസ് ഇസർവീസസ് ലിമിറ്റഡിൻറെ പ്രാഥമിക പബ്ലിക് ഇഷ്യൂ 2024 ജനുവരി 30 മുതൽ ഫെബ്രുവരി ഒന്ന് വരെ നടക്കും. ആങ്കർ നിക്ഷേപകർക്കുള്ള ബിഡ്ഡിംഗ് ജനുവരി 29നായിരിക്കും. 10 രൂപ മുഖവിലയുള്ള 2,30,30,000 പുതിയ ഇക്വിറ്റി ഓഹരികളാണ് ഇഷ്യൂവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരി ഒന്നിന് 129 രൂപ മുതൽ 135 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 108 ഓഹരികൾക്കും തുടർന്ന് 108ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. യൂണിസ്റ്റോൺ ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

## ഫോക്‌ലോർ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** നാടോടി വിജ്ഞാനീയത്തിന്റെ പ്രചാരണവും വിനിമയവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സർക്കാർ സാംസ്കാരിക വകുപ്പ് സ്ഥാപനമായ കേരള ഫോക്‌ലോർ അക്കാദമി പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി കലാകാരന്മാരുടെയും പഠിതാക്കളുടെയും പ്രോത്സാഹനാർത്ഥം നൽകുന്ന അവാർഡുകൾ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു.

2022ലെ അവാർഡിനായ് 75 വിഭാഗങ്ങളിലായി 714 നാമനിർദ്ദേശങ്ങളാണ് അക്കാദമിയിൽ ലഭിച്ചത്. ഫെലോഷിപ്പ് 11, ഗുരുപൂജ പുരസ്കാരം 14, ഫോക്‌ലോർ അവാർഡ് 107, യുവപ്രതിഭാ പുരസ്കാരം 17, ഗ്രന്ഥാരചനാ പുരസ്കാരം 02, ഡോക്യുമെന്ററി പുരസ്കാരം 01, എം.എ ഫോക്‌ലോർ ഒന്നാം റാങ്ക് അവാർഡ് 05, എന്നിങ്ങനെ 157 അവാഡുകളാണ് 2022 ലെ പുരസ്കാരത്തിൽ ഉൾപ്പെടുത്തി നൽകുന്നത്. ഫെലോഷിപ്പ് 15,000 രൂപ, ഗുരുപൂജ, ഗ്രന്ഥാരചന, ഡോക്യുമെന്ററി 7500 രൂപ, യുവപ്രതിഭാ പുരസ്കാരം, എം.എ ഫോക്‌ലോർ 5000 രൂപ എന്നിങ്ങനെ പ്രശസ്തി പത്രവും, ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരങ്ങൾ.



# ആസ്റ്റർ പി എം എഫ് ഹോസ്പിറ്റൽ നവീകരിച്ചു

**കൊല്ലം:** മൾട്ടിഡിസിപ്ലിനറി ഐസിയു (ങ്ങളകഇഡ) കൂടി ഉൾപ്പെടുത്തി ആസ്റ്റർ പിഎംഎഫ് ഹോസ്പിറ്റൽ നവീകരിച്ചു. പുതിയ തീവ്രപരിചരണ വിഭാഗം കുന്നത്തൂർ എംഎൽഎ കോവൂർ കുഞ്ഞുമോൻ ഉദ്ഘാടനം ചെയ്തു. അത്യാധുനിക സംവിധാനങ്ങളുള്ള എംഡിഐസിയുവിൽ 19 കിടക്കകളാണുള്ളത്. ഇതിൽ 14 എണ്ണത്തിൽ ഡയാലിസിസിനുള്ള അഞ്ച് പോർട്ടുകൾ വീതമുണ്ട്.

12 മെക്കാനിക്കൽ വെന്റിലേറ്ററുകളും അഞ്ച് ബൈപ്പാപ്പ് മെഷീനുകളും നാല് ഹൈ ഫ്ലോ നേസൽ ഓക്സിജൻ യൂണിറ്റുകളും ഉൾപ്പെടെ അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടുതൽ പരിചരണം ആവശ്യമുള്ള രോഗികൾക്കായി അഞ്ച് കിടക്കകൾ ഉൾപ്പെട്ട ഒരു ഹൈ ഡിപെൻഡൻസി യൂണിറ്റും അനുബന്ധമായി പ്രവർത്തിക്കും.വിവിധ ആരോഗ്യനിലകൾ തത്സമയം പരിശോധിച്ചറിയാൻ സഹായിക്കുന്ന മൾട്ടിപരാമീറ്റർ മോണിറ്ററുകൾ, സിറിഞ്ച് പമ്പുകൾ, ഇൻഫ്യൂഷൻ പമ്പുകൾ, അൾട്രാസൗണ്ട് മെഷീനുകൾ, വാർമറുകൾ, ഡി.വി.റ്റി പമ്പുകൾ എന്നിവയും സജ്ജമാണ്.ആസ്റ്റർ പിഎംഎഫ് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗം ലീഡ് കൺസൾട്ടന്റ് ഡോ. രാജീവ്, ഹെഡ് ഓഫ് ഓപ്പറേഷൻസ് വിജീഷ് വികെ, ക്ലിനിക്കൽ കോർഡിനേറ്റർ ഡോ. വി. രാഘവൻ, ചീഫ് നേഴ്സിങ് ഓഫിസർ നീനു എസ് നായർ എന്നിവരും വിവിധ പ്രതിനിധികളും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

